ഉത്തരം

(എ) ഉണ്ട്.

(ബി) മാവൂർ വഴി മുക്കത്തേയ്ക്ക് ഒരു മിനി ബസ് സർവ്വീസ് നിലവിൽ ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഈ റൂട്ടിൽ പ്രൈവറ്റ് ബസ്സുകളും കൂടുതൽ സർവ്വീസ് നടത്തുന്നതിനാൽ കെ. എസ്. ആർ. ടി. സി. സർവ്വീസുകളും നഷ്ടത്തിലും കുറവും അതുമൂലം കെ. എസ്. ആർ. ടി. സി.-യുടെ പല സർവ്വീസുകളും നിർത്തൽ ചെയ്യേണ്ടതായും വന്നു. ആയതിനാൽ നിർത്തൽ ചെയ്ത സർവ്വീസുകളും പുനരാരംഭിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

കോഴിക്കോട് നിന്നും ബാലുശ്ശേരി—പനങ്ങാട് നേർത്ത് കുറുമ്പൊയിൽ—വയലട റൂട്ടിൽ പുതിയ റൂട്ട് ആരംഭിക്കുന്നതിന് നടപടി

95 [2232] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും ബാലുശ്ശേരി-പനങ്ങാട് നേർത്ത് കുറുമ്പൊയിൽ—വയലട വഴി പുതിയ ബസ് റൂട്ട് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(സി) ഈ റൂട്ടിൽ ബസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആൻറ് ബി) ഈ റൂട്ടിൽ കെ. എസ്. ആർ. ടി. സി. ഒരു പുതിയ സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു.

(സി) ഉണ്ട്.

തിരുവനന്തപുരം—മുനമ്പം ബസ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി

96 [2233] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ മുനമ്പത്തു നിന്നും തിരുവനന്തപുരത്തേയ്ക്ക് കെ. എസ്. ആർ. ടി. സി.-യുടെ ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് അടിയന്തിര പ്രാധാന്യം നൽകി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly